പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2353</u>      <u>18.03.2015-ൽ മറുപടിയ്ക്ക്</u>

## പട്ടികവർഗ്ഗ ഭവന നിർമ്മാണ പദ്ധതി

**ചോദ്യം**

ശ്രീ.എം.ഉമ്മർ

ശ്രീ.പി.കെ.ബഷീർ

ശ്രീ.കെ.എം.ഷാജി

ശ്രീ.കെ.എൻ.എ.ഖാദർ

**മറുപടി**

കുമാരി.പി.കെ.ജയലക്ഷ്മി

(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| എ) | പട്ടികവർഗ്ഗക്കാരുടെ പാർപ്പിട പ്രശ്നത്തിന് പരിഹാരമായി സംസ്ഥാനം നടപ്പാക്കുന്ന ഭവന നിർമ്മാണ പദ്ധതികളെ സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ; | എ) | പട്ടികവർഗ്ഗക്കാരുടെ പാർപ്പിട പ്രശ്ന പരിഹാരത്തിനായി ജനറൽ ഹൗസിംഗ് പദ്ധതി നടപ്പിലാക്കി വരുന്നു. ഊരുകൂട്ടം മുഖാന്തിരം മുൻഗണനാക്രമത്തിൽ തെരഞ്ഞെടുത്ത് പഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം ഭവനങ്ങൾ നൽകി വരുന്നു. പട്ടികവർഗ്ഗക്കാരുടെ സമഗ്ര വികസനം സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെ കൊല്ലം ജില്ലയിലെ കരിയോട്ടുമല, പത്തനംതിട്ട ജില്ലയിലെ ചാലക്കയം, വയനാട് ജില്ലയിലെ കാരാപ്പുഴ, വാകേരി, കുഞ്ഞോം എന്നിവിടങ്ങളിൽ 2012-13 സാമ്പത്തികവർഷം മുതൽ മോഡൽ കോളനി വികസന പദ്ധതി പ്രകാരവും ഭവന നിർമ്മാണം നടത്തിവരുന്നു. ഹഡ്കോയിൽ നിന്നും വായ്പയെടുത്ത് 5000 ഭവനങ്ങൾ നിർമ്മിച്ച് നൽകുന്ന പദ്ധതി പ്രാരംഭഘട്ടത്തിലാണ്. വീടൊന്നിന് 5.32 ലക്ഷം രൂപ നിരക്കിൽ 25 വീടുകൾ വീതം ഓരോ കോളനിയിലും നിർമ്മിച്ചു വരുന്നു. |

| | | | |
|---|---|---|---|
| ബി) | ഇതിനായി എല്ലാ പദ്ധതികളിലും കൂടി 2013-14 വർഷത്തിൽ എത്ര തുക വകയിരുത്തി;എത്ര വീടുകളുടെ നിർമ്മാണം പൂർത്തിയാക്കി; | ബി) | 2013-14 സാമ്പത്തിക വർഷത്തിൽ ജനറൽ ഹൗസിംഗ് പദ്ധതിക്കായി 25 കോടി രൂപ വകയിരുത്തിയിരുന്നു. 1000 വീട് അനുവദിച്ചതിൽ 304 വീട് പൂർത്തിയായി. |
| സി) | ഗുണഭോക്താക്കൾക്ക് പണം നേരിട്ട് നൽകുന്നത് സ്വകാര്യ ഏജൻസികൾക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുക്കാനും കൃത്രിമം നടത്താനും സൗകര്യം നൽകുന്നതിനാൽ സർക്കാർ ഏജൻസികൾ മുഖേന നിർമ്മാണം നടത്താൻ തക്കവിധം വ്യവസ്ഥകളിൽ മാറ്റം വരുത്തുമോയെന്ന് വ്യക്തമാക്കുമോ? | സി) | പട്ടികവർഗ്ഗ വികസന വകുപ്പ് മുഖാന്തിരം നടപ്പിലാക്കുന്ന മോഡൽ കോളനി പദ്ധതി, ഹാംലറ്റ് വികസന പദ്ധതി എന്നിവ സർക്കാർ ഏജൻസികൾ മുഖേനയാണ് നടപ്പിലാക്കുന്നത്. എന്നാൽ ജനറൽ ഹൗസിംഗ് പദ്ധതി ഗുണഭോക്താക്കൾ മുഖാന്തിരമാണ് നടപ്പിലാക്കി വരുന്നത്. സ്വകാര്യ ഏജൻസികളുടെ കടന്നുകയറ്റം തടയുന്നതിനായി പട്ടികവർഗ്ഗത്തിൽപ്പെട്ട വിദഗ്ധ തൊഴിലാളികൾ ഉൾപ്പെടുന്ന ഹൗസിംഗ് സൊസൈറ്റികൾ രൂപീകരിച്ച് അവർ മുഖാന്തിരം ഭവന നിർമ്മാണ പദ്ധതികൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

Hari priya

സെക്ഷൻ ഓഫീസർ